## "ഇടവഴികളും പോലീസ് നിരീക്ഷണത്തിൽ – ജാഗ്രത പാലിക്കാത്തവർക്കെതിരെ കർശന നടപടി"

കൊല്ലം : നടവഴികളും ഇടവഴികളും അടക്കം നിരീക്ഷിച്ച് കൊണ്ട് കൊല്ലം സിറ്റി പോലീസ് കോവിഡ് ജാഗ്രതാ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പരിശോധനകൾ ശക്തമാക്കി. കോവിഡ് പ്രോട്ടോക്കോൾ പാലിക്കാത്തതിന് മുൻദിവസങ്ങളെ അപേക്ഷിച്ച് നിരവധി പേർ പോലീസ് നടപടി നേരിടേണ്ടി വന്നു. പ്രത്യേക ടീമുകളെ നിയോഗിച്ച് തൊരുവോരങ്ങളിലെ നിരീക്ഷണ ക്യാമറകളുടെ സേവനം ഉപയോഗിച്ച് തുടങ്ങിയതും കൊല്ലം സിറ്റി പരിധിയിൽ രൂപികരിച്ച 121 പോലീസ് ടീമുകൾക്ക് വാർഡ് തിരിച്ച് പ്രവർത്തന മേഖല നൽകിയതിനാലുമാണ് പോലീസ് നിരീക്ഷണം പതിവ് മേഖലകൾ വിട്ട് ഇടവഴികളിലേക്ക് നീങ്ങിയത്. ശക്തമായ പോലീസ് നടപടികൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഫലം ചെയ്യുമെന്ന് ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി. ഐപിഎസ്സ് അറിയിച്ചു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ മാസ്ക്ക് ധരിക്കാതിരുന്നതിന് 3655 പേരും സാമൂഹ്യ അകലം പാലിക്കാതിരുന്ന 1421 പേരും മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 73 വാഹനങ്ങളും പോലീസ് നടപടിക്ക് വിധേയരായി. കോവിഡ് ജാഗ്രത പുലർത്തതാത 17163 പേർക്ക് തക്കീത് നൽകുകയും കോവിഡ് മാനദണ്ഡങ്ങളുടെ ലംഘനം നടത്തിയ 467 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചതായും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.